ഉത്തരം

(എ, ബി ആന്റ് സി) വിവരം ശേഖരിച്ചു വരുന്നു.

റവന്യൂ കുടിശ്ശിക

181. [950] ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റവന്യൂ കുടിശ്ശിക ഇനത്തിൽ മൊത്തം എത്ര കോടി രൂപ സർക്കാരിന് പിരിഞ്ഞു കിട്ടാനുണ്ട് ;

(ബി) ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എത്ര കേസുകൾ കോടതിയിൽ നിലവിലുണ്ടെന്ന് അറിയിയ്ക്കാമോ ;

(സി) കോടതി സ്റ്റേ ചെയ്തിരിക്കുന്ന കേസുകളിൽ മൊത്തം എത്ര കോടി രൂപ കുടിശ്ശികയായി ഉണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത കേസുകൾ കാലതാമസം കൂടാതെ തീർപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ലാന്റ് റവന്യൂ വകുപ്പിൽ 31-5-2005 വരെ റവന്യൂ കുടിശ്ശിക ഇനത്തിൽ ആകെ 151.04 കോടി രൂപ (സ്റ്റേയിൽ ഉൾപ്പെട്ട തുക ഉൾപ്പെടെ) പിരിഞ്ഞു കിട്ടാനുണ്ട്.

(ബി) 31-5-2005 വരെ 10,434 കേസ്സുകൾ നിലവിലുണ്ട്.

(സി) 26.32 കോടി രൂപ.

(ഡി) റവന്യൂ റിക്കവറി കേസുകൾ മാത്രം കൈകാര്യം ചെയ്യാൻ ഒരു സ്പെഷ്യൽ ബഞ്ച് സ്ഥാപിച്ചുകിട്ടുന്നതിന് അഭ്യർത്ഥന നടത്താനും, കാലപ്പഴക്കം ചെന്ന വൻതുകകൾ ഉൾപ്പെട്ട കേസുകൾക്ക് മുൻഗണന നൽകി അവയ്ക്ക് കൗണ്ടർ അഫിഡവിറ്റ് ഫയൽ ചെയ്ത് കേസ് തീർപ്പാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാനും 27-5-2005-ൽ അഡ്വക്കേറ്റ് ജനറലും, ജില്ലാ കളക്ടർമാരും ഗവൺമെന്റ് പ്ലീഡർമാരുമായി കൂടിയ ജോയിന്റ് മീറ്റിംഗിൽ തീരുമാനമെടുത്തിട്ടുണ്ട്.

തലശ്ശേരി നഗരസഭയിലെ കണ്ടിജന്റ് ജീവനക്കാർക്ക് പട്ടയം

182. [951] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരി നഗരസഭ കണ്ടിജന്റ് ജീവനക്കാർക്ക് പതിച്ചു നല്കിയ ഭൂമിക്ക് പട്ടയം ലഭ്യമാക്കുന്നത് സംബന്ധിച്ച് നിവേദനം സമർപ്പിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഈ നിവേദനത്തിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും, കണ്ടിജന്റ് ജീവനക്കാർക്ക് എന്നത്തേക്ക് പട്ടയം ലഭ്യമാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ മിച്ചഭൂമി പതിച്ചു നൽകൽ

183. [952] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ വെസ്റ്റ് എളേരി പഞ്ചായത്തിൽ ഏച്ചിപ്പൊയിൽ പ്രദേശത്ത് കൈവശക്കാർക്ക് മിച്ചഭൂമി പതിച്ചു നൽകുന്നതിനായി ആരുടെയൊക്കെ അപേക്ഷകളാണ് പരിഗണനയിലുള്ളത് ;

(ബി) ഇത് സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ആകെ പതിനാല് അപേക്ഷകളാണ് നിശ്ചിത ഫാറത്തിൽ ലഭിച്ചിട്ടുള്ളത്. അവരുടെ പേരു വിവരം ചുവടെ ചേർക്കുന്നു:

1. ജോസ് ഓതറപ്പുത്തൻ വീട്
2. മേരിക്കുട്ടി ജോസ്, തൊട്ടിയിൽ
3. മേരിക്കുട്ടി കുമ്പളനിക്കൽ
4. ടി. ടി. വർക്കി
5. ശാരദ എം. ജി. വലിയപറമ്പിൽ
6. കുഞ്ഞിരാമൻ, പാട്ടത്തിൽ
7. അന്നമ്മ തോമസ്
8. ഇ. ടി. മറിയാമ്മ
9. ജോർജ്ജുകുട്ടി, അടുപ്പുകല്ലിങ്കൽ
10. ത്രേസ്യാമ്മ, കോട്ടയിൽ
11. രഘു, വേങ്ങയിൽ
12. കെ. വി. വേലായുധൻ, ഉദയപുരം
13. കല്യാണി, കാവനാട്ടിൽ
14. ഇ. സി. തോമസ്, ഇഞ്ചക്കാട്.

(ബി) കൈവശക്കാരെല്ലാം മിച്ചഭൂമി പതിച്ചു കിട്ടാൻ അർഹരായ കർഷക തൊഴിലാളികൾ അല്ലായെന്നും ആയതിനാൽ അർഹരായ കർഷകത്തൊഴിലാളികൾ ആരൊക്കെയാണെന്നുമുള്ള വിവരം അന്വേഷിച്ച് റിപ്പോർട്ടു ചെയ്യുന്നതിന് ഹോസ്ദുർഗ്ഗ് അഡീഷണൽ തഹസീൽദാരോട് ജില്ലാ കളക്ടർ ആവശ്യപ്പെട്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly